"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ശുചിത്വ- മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2307/2020/LSGD തീയതി,തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 13.08.2020-ൽ ചേർന്ന ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പത്താമത് കർമ്മ സേന യോഗനടപടിക്കുറിപ്പ്. (ഇനം 6-പൊതുതീരുമാനങ്ങൾ)

2 പഞ്ചായത്ത് ഡയറക്ടറുടെ 30.11.2020-ലെ PAN-16858/2019-JS(DP) നമ്പർ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ01.12..2020-ലെ 3619/C5/2019/SM നമ്പർ കത്ത്

4 പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ ഭരണ വകുപ്പിന്റെ no. A 2/254/ pd -lsgd സർക്കുലർ തിയതി 11.12.2020

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുവാൻ സർക്കാരിലേക്ക് ശുപാർശ നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ശുചിത്വ മാലിന്യ സംസ്കരണ ഉപാദൗത്യത്തിന്റെ പത്താമത് കർമ്മ സേന യോഗത്തിൽ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2.ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ -മാലിന്യ സംസ്കരണ പദ്ധതികൾ നിർവ്വഹണം നടത്തുന്നത് നിലവിൽ വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയാണ്. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചില പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും മറ്റു ചില പദ്ധതികളുടേത് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുമാണ്. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതി നിർവ്വഹണം നടത്തുന്നത് പദ്ധതി സംയോജനത്തിനും നിർവ്വഹണത്തിനും അവലോകനത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുന്നത് അഭികാമ്യമായിരിക്കും എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (4) പ്രകാരം മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന്റെയും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിക്കുന്നതിന്റെയും ചുമതല VEO യ്ക്കാണ് എന്ന് നിർദേശിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി/ഉദ്യോഗസ്ഥയായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുള്ളതിൽ ഒരാൾക്ക് പഞ്ചായത്ത് തീരുമാനപ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ ഏകോപനത്തിന്റെയും റിപ്പോർട്ടിങ്ങിന്റെയും പൂർണ്ണ ചുമതല ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കും (ഗ്രാമവികസന കമീഷണർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2020.12.15 14:19:34 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്